ഇഹ്സാൻ

# മാവോ ഭീകരതയുടെ തെറ്റും ശരിയും

മാവോയിസ്റ്റുകളെ ഭീകരരാക്കി പ്രഖ്യാപിച്ചതിനെ എതിർക്കുകയാണോ അനുകൂലിക്കുകയാണോ വേണ്ടതെന്നത് ആശയക്കുഴപ്പമുണ്ടാക്കുന്ന ചോദ്യമാണ്. അവർ ഭീകരരാണോ എന്ന ചോദ്യത്തിന് ഉത്തരം പറയുക എളുപ്പമല്ലാത്തതാണ് കാരണം. മാവോയിസ്റ്റുകളെ ഭീകരരുടെ പട്ടികയിൽ പെടുത്തുമ്പോൾ ഭീകരത അതിന്റെ വിശാലമായ അർഥതലത്തിൽ ദുർബലമാവുകയാണ് ചെയ്യുന്നതെന്നാണ് ചില കേന്ദ്രങ്ങൾ പ്രചരിപ്പിക്കുന്നത്. ഇന്ത്യയുടെ പുതിയ ആഭ്യന്തര മന്ത്രി ഒബാമയുടെ മാറുന്ന അന്താരാഷ്ട്ര സമവാക്യങ്ങൾക്കൊത്ത് പ്രതികരിക്കുകയാണെന്നും തോന്നും. ഭീകരതയെ മതങ്ങളിലേക്ക് സന്നിവേശിപ്പിച്ചെടുക്കുമ്പോൾ അതിന്റെ മറുവശം ആരും ചോദ്യം ചെയ്യാറുണ്ടായിരുന്നില്ലല്ലോ. പക്ഷേ മാവോയിസത്തിന്റെ കാര്യം വരുമ്പോൾ അതിലെ തെറ്റും ശരിയും വിചാരണ ചെയ്യപ്പെടുന്നുണ്ട്. ഭരണകൂടത്തിന്റെ ഉപകരണങ്ങളെ ലക്ഷ്യം വെക്കുന്ന മാവോയിസ്റ്റുകൾ ഒരു സവിശേഷമായ സാമൂഹിക അവസ്ഥയുടെ ബാക്കിപത്രമാണെന്ന് പ്രമുഖ ഭീകരത, വിചാരിപ്പുകാരനായ ബി. രാമൻ പോലും എഴുതുന്നു. ജിഹാദി ഭീകരതയുടെ മാതൃകയിൽ സമൂഹത്തിലെ മൃദുലമായ ലക്ഷ്യസ്ഥാനങ്ങളുടെ നേർക്കല്ല മാവോയിസ്റ്റുകൾ ആക്രമണം നടത്തുന്നതെന്ന് ചൂണ്ടിക്കാട്ടിയതിനു ശേഷമാണ് മാവോയിസ്റ്റുകൾ ഉയർന്നുവരുന്ന സാഹചര്യങ്ങളെ അദ്ദേഹം വിശകലനം ചെയ്യുന്നത്.

ജിഹാദി ഭീകരതയും മാവോയിസ്റ്റ് ഭീകരതയും രണ്ടാണെന്ന വാദമാണ് രാമനടക്കമുള്ളവർ പൊതുവെ ഉയർത്തുന്നത്. അതേസമയം നിഗൂഢമായ താൽപര്യങ്ങളുള്ള താരതമ്യ പഠനമാണിത്. എൽ.കെ അദ്വാനിയുടെ കാലത്ത് ആരംഭിച്ച നിരവധി സുരക്ഷാ പഠന, ഗവേഷണ കേന്ദ്രങ്ങളാണ് ഭീകരതയുടെ മതത്തെ കുറിച്ച തീസിസുകൾ പുറത്തു വിട്ടുകൊണ്ടിരുന്നതും ഈ മേഖലയിലെ ചർച്ചകളെ നിയന്ത്രിച്ചിരുന്നതും. അവയിലൊന്നിന്റെ അധിപനാണ് രാമൻ. മാവോയിസ്റ്റ് ഭീകരതയെ അദ്ദേഹം അനുകൂലിക്കുന്നതിന്റെ പശ്ചാത്തലം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഇസ്‌ലാമിക ഭീകരതയെ കൈയും കണക്കുമില്ലാതെ സാമാന്യവൽക്കരിച്ച, ജിഹാദി ഭീകരതയുമായി ബന്ധപ്പെട്ട ഏത് ആരോപണങ്ങളെയും യുക്തിയുടെ വെളിച്ചത്തിൽ പരിശോധിക്കാൻ തയാറാവാതിരുന്ന ഒരാൾ പൊടുന്നനെ സാഹചര്യങ്ങളെയും പൂർവാപര വൈജാത്യങ്ങളെയും കുറിച്ച് പറയുമ്പോൾ അതിലടങ്ങിയ ദുരുദ്ദേശ്യം വ്യക്തമാണ്.

പോലീസിനെയും ഭരണകൂട ഉപകരണങ്ങളെയുമാണ് മാവോയിസ്റ്റുകൾ ലക്ഷ്യം വെക്കാറുള്ളതെന്നും 'ജിഹാദി'കളെ പോലെ സമൂഹത്തിലെ ദുർബലരായ ലക്ഷ്യസ്ഥാനങ്ങളുടെ നേർക്ക് അവർ ആക്രമണം നടത്താറില്ലെന്നുമാണ് താരതമ്യ പഠനങ്ങളിൽ കാണാനുള്ള പ്രധാന പോയിന്റ്. 'ജിഹാദി'കളുടെ പേരിൽ അരങ്ങേറുന്ന നാടകങ്ങളെ സംശയാസ്പദമാക്കുന്ന ഒരു സാഹചര്യത്തെയാണ് ഇവിടെ തിരിച്ചു പ്രയോഗിക്കുന്നതെന്ന് ശ്രദ്ധിക്കുക. പാർലമെന്റ് ആക്രമിക്കാനറിയുന്ന, കശ്മീരിൽ സൈനികരെയും മന്ത്രിമാരെയും വധിക്കുക അജണ്ടയുടെ ഭാഗമായ ജിഹാദികൾ എന്തുകൊണ്ട് ഇന്ത്യയിൽ ഒരു പോലീസ് സ്റ്റേഷന്റെ മുറ്റത്തു പോലും ബോംബുവെക്കുന്നില്ല എന്നതായിരുന്നു നാം ഉയർത്തേണ്ടിയിരുന്ന ചോദ്യം. സുരക്ഷാ സൈനികരുടെ അകമ്പടിയില്ലാതെ ജീവിക്കുന്ന ഇന്ത്യയിലെ രാഷ്ട്രീയ നേതാക്കളെയും 'ഇസ്‌ലാമിക ഭീകരർ' ആക്രമിച്ചതിന് തെളിവില്ല.

ഇവിടെയാണ് നിലപാടുകൾ ചോദ്യം ചെയ്യപ്പെടുന്നത്. പൊതുജനം എന്ന നിസ്സഹായതക്കു നേരെ ബോംബാക്രമണം നടക്കുന്നതും പോലീസ് എന്ന ഭരണകൂട ഉപകരണം ലക്ഷ്യം വെക്കപ്പെടുന്നതും തമ്മിൽ ഭീകരതയുടെ നീതിശാസ്ത്രത്തിൽ തത്വപരമായ വ്യത്യാസമുണ്ടെന്നാണ് ഈ വിശകലനങ്ങൾ നമ്മെ ഓർമിപ്പിക്കുന്നത്. പോലീസ് ആക്രമിക്കപ്പെടുന്നത് ചില നീതിവിചാരങ്ങളുടെ തെറ്റായ പ്രയോഗത്തിന്റെ ഭാഗം മാത്രമാണ്. അത് തീവ്രവാദമാകാം, പക്ഷേ ഭീകരതയാവില്ല. മാവോയിസ്റ്റുകളുടെ പ്രവൃത്തിയെ ഇങ്ങനെ ഉദാരമായി സമീപിക്കുന്നവർ തന്നെയാണ് കശ്മീരിൽ മറ്റൊരു അളവുകോൽ ഉപയോഗിക്കുന്നത്. ഭരണകൂടത്തിന്റെ തെറ്റായ നയസമീപനങ്ങളെയാണ് മാവോയിസ്റ്റുകളായാലും കശ്മീർ തീവ്രവാദികളായാലും എതിർക്കുന്നത് എന്നും ഇവയുടെ പരിഹാരം കാണേണ്ടത് സൈനികമായിട്ടല്ല രാഷ്ട്രീയമായിട്ടാണ് എന്നുമാണ് കാലദേശാതിയായി ബുദ്ധിയുടെ ഭാഷയിൽ പറയേണ്ടുന്ന കാര്യം. 'ഇസ്‌ലാമിക ഭീകര'ന്റെ ചെലവിൽ ഭരണകൂടങ്ങൾക്കകത്തും പുറത്തുമുള്ള ചില തെമ്മാടികൾ ചെയ്യുന്നതിന് 'പവർഗ്ലാസും' അല്ലാത്തതിന് 'കൂളിംഗ് ഗ്ലാസു'മിടുന്ന ഈ ഏർപ്പാടാണ് ബുദ്ധിപരമായ ഭീകരത.

എന്തുകൊണ്ട് പശ്ചിമബംഗാളിൽ പോലും മാവോയിസ്റ്റുകൾ എന്ന ചോദ്യത്തിനുള്ള ഉത്തരം നമ്മെ ഒരു നിമിഷം ചിന്തിപ്പിക്കും. ഇന്ത്യയിലെ ജില്ലകളുടെ കണക്കെടുത്താൽ മൊത്തമുള്ളവയുടെ നാലിലൊന്നും മാവോയിസ്റ്റുകളുടെ പിടിയിലാണെന്ന് എൽ.കെ അദ്വാനിയുടെ കാലത്ത് പാർലമെന്റിൽ കണക്കവതരിപ്പിച്ചിരുന്നു. ആന്ധ്രാ പ്രദേശ്, ഒറീസ, ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, പശ്ചിമബംഗാൾ, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നിവിടങ്ങളിലെല്ലാം ഇന്ന് മാവോയിസ്റ്റുകളുടെ സാന്നിധ്യമുണ്ട്. ഈ സംസ്ഥാനങ്ങളിലൂടെ സഞ്ചരിക്കുമ്പോഴെല്ലാം പതിറ്റാണ്ടുകൾ പുറകിലുള്ള ഇന്ത്യയുടെ മറ്റേതോ മുഖമാണ് പലപ്പോഴും കാണേണ്ടിവരുന്നത്. ദാരിദ്ര്യവും ചൂഷണവും പീഡകളും തൊഴിലില്ലായ്മയും പിന്നാക്കാവസ്ഥയും കൊടികുത്തി നിൽക്കുന്ന ഈ മേഖലകളിൽ മാവോയിസ്റ്റുകൾ എന്തുകൊണ്ട് ജനകീയ പിന്തുണ നേടുന്നു എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തുന്നതിനു പകരം അവരുടെ സാന്നിധ്യത്തിന്റെ കാരണങ്ങളിലൊന്നിനെ കുറെക്കൂടി സജീവമാക്കാനാണ് ഈ നിരോധനത്തിലൂടെ നമ്മുടെ സർക്കാറുകൾ ചെയ്യാനൊരുങ്ങുന്നതെന്നു തോന്നുന്നു.

ഇന്ത്യക്കാരൻ ആത്മപരിശോധന തുടങ്ങേണ്ട സമയം കൂടിയാണിത്. എന്തുകൊണ്ട് മാവോയിസ്റ്റ് ഭീകരത ഇത്രയും കാലം ഭരണകൂടങ്ങൾ കണ്ടില്ലെന്നു നടിച്ചു? ജിഹാദീ ആക്രമണങ്ങൾ എന്ന പേരിൽ അരങ്ങേറികൊണ്ടിരുന്ന നാടകങ്ങളിൽ കൊല്ലപ്പെട്ടവരുടെയും നക്സൽ, മാവോയിസ്റ്റ് ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവരുടെയും കണക്കെടുത്താലറിയാം ഇതിൽ ഏതായിരുന്നു കൂടുതൽ വലിയ ദുരന്തമെന്നത്. തത്വശാസ്ത്രങ്ങൾക്കു വേണ്ടി ലക്കും ലഗാനുമില്ലാതെ മനുഷ്യനെ കൊല്ലുന്നവരെ പോലും നാം മതം തിരിച്ച് ചാപ്പ കുത്തുകയാണ് ചെയ്തത്. മാവോയിസ്റ്റുകൾ നിരോധിക്കപ്പെടുമ്പോൾ ഭീകരതയെ കുറിച്ച് സംഘ്പരിവാരക്കാരൻ ഉണ്ടാക്കിവെച്ച പ്രതിച്ഛായ തകർന്നു പോകുമല്ലോ എന്ന ഭയത്തിൽ നിന്നാണ് ഇതിലെ തെറ്റും ശരിയും ചിലർ ചർച്ചക്കുവെക്കുന്നത്. ■